## ലേബർ കമ്മീഷണറുടെ നടപടിക്രമം
(സാന്നിദ്ധ്യം : ഡോ.ചിത്ര.എസ്, ഐ.എ.എസ്)

വിഷയം: തൊഴിൽവകുപ്പ് - സ്ഥാപനകാര്യം - അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I/ പ്ലാന്റേഷൻസ് ഇൻസ്പെക്ടർ തസ്തികയിൽ സ്ഥലംമാറ്റവും, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലെ ചുമതലാക്രമീകരണവും നൽകി ഉത്തരവാകുന്നു.

വായന:
1) സർക്കാർ ഉത്തരവ് (സാധാ)നം 864/2018/തൊഴിൽ തീയതി 24/07/2018
2) സ.ഉ(സാധാ)നം.1277/2021/തൊഴിൽ തീയതി.02/11/2021
3) കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ 13/10/21 ലെ എ.3322/2021 നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ ഇ(4) 9394/2021** **തീയതി: 15/11/2021**

---

നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ തസ്തികയെ, എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലെയ്സൺ ഓഫീസർ (തൊഴിലും നൈപുണ്യവും) എന്ന് പുന:നാമകരണം ചെയ്ത് നിയമിച്ചുകൊണ്ട് സൂചന(1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. നെടുമങ്ങാട് ഒരു മുഴുവൻ സമയ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ സേവനം അനിവാര്യമാണെന്ന് സർക്കാർ കണ്ടെത്തിയിതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികയെ പുന:നാമകരണം ചെയ്ത് കൊണ്ടും എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലെയ്സൺ ഓഫീസറുടെ അധിക ചുമതല എറണാകുളം ഒന്നാം സർക്കിളിന്റെയോ, രണ്ടാം സർക്കിളിന്റെയോ ചുമതലയുള്ള രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും സൂചന(3) അപേക്ഷ പരിഗണിച്ചുകൊണ്ടും ചുവടെ ചേർക്കും പ്രകാരം സ്ഥലം മാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| സ്ഥലംമാറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്,തസ്തിക,നിലവിലെ ഓഫീസ് | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ഓഫീസ് | റിമാർക്സ് |
| 1 | ശ്രീ എം എം ഷാജഹാൻ അസിസ്റ്റന്റ് ലേബർ ഓഫീസർഗ്രേഡ്-I, കോട്ടയം | പ്ലാന്റേഷൻ ഇൻസ്പെക്ടർ, നെടുമങ്ങാട് | വായന (2) പ്രകാരം പുന:സ്ഥാപിക്കപ്പെട്ട ഒഴിവിലേയ്ക്ക് ശ്രീ എം എം ഷാജഹാൻ-ന്റെ സ്ഥലംമാറ്റം അപേക്ഷ പ്രകാരം |
| 2 | ശ്രീ. എൻ കൃഷ്ണകുമാർ, പ്ലാന്റേഷൻ ഇൻസ്പെക്ടർ, ആലുവ | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I, കോട്ടയം | ശ്രീ എം എം ഷാജഹാൻ-നെ നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടർ ആയി നിയമിക്കുന്ന ഒഴിവിലേയ്ക്ക് |
| 3 | ശ്രീ. ജഹ്ഫർ സാദിഖ് റ്റി.എ, എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലെയ്സൺ ഓഫീസർ (തൊഴിലും നൈപുണ്യവും) | പ്ലാന്റേഷൻ ഇൻസ്പെക്ടർ, ആലുവ | ശ്രീ. എൻ കൃഷ്ണകുമാർ -ന് കോട്ടയം അസിസ്റ്റന്റ് ലേബർ ഓഫീസർഗ്രേഡ്-I ആയി നിയമിക്കുന്ന ഒഴിവിലേയ്ക്ക് |

എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലെയ്സൺ ഓഫീസറുടെ അധിക ചുമതല എറണാകുളം ഒന്നാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർഗ്രേഡ്-II വഹിക്കേണ്ടതാണ്.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ആവശ്യമായ ചുമതലാക്രമീകരണം നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ലേബർകമ്മീഷണർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ ,കേരള, തിരുവനന്തപുരം
2) ലേബർ കമ്മീഷണറുടെ പി.എ
3) അഡീഷണൽ ലേബർ കമ്മീഷണർ (ഇ, ഐ.ആർ, ഡബ്ള്യു)
4) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5) ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
6) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം,എറണാകുളം,കോഴിക്കോട്
7) ജില്ലാ ലേബർ ഓഫീസർ(ഇ)കോട്ടയം, എറണാകുളം
8) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, ആലുവ,നെടുമങ്ങാട്
9) അസിസ്റ്റന്റ് ലേബർ ഓഫീസർഗ്രേഡ്-II എറണാകുളം ഒന്നാം സർക്കിൾ
10) സീനിയർ സൂപ്രണ്ട് (ഇ)
11) വെബ് സൈറ്റ്/ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട്(ഇ)